(ബി) കാർഷികോല്പന്ന വിലയിടിവ് എന്ന പ്രതിസന്ധി കർഷകർ ഇപ്പോഴും നേരിടുന്നുണ്ടോയെന്ന കാര്യം വ്യക്തമാക്കാമോ ;

(സി) ഈ പ്രതിസന്ധി തരണം ചെയ്യാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; സ്വീകരിച്ച നടപടികളുടെ ഫലമായി പ്രതിസന്ധിക്ക് എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 58 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ ഒഴികെ മറ്റൊരു കാർഷികോല്പന്നങ്ങൾക്കും വിലയിടിവ് എന്ന പ്രതിസന്ധി കർഷകർ നേരിടുന്നില്ല.

(സി) ഉണ്ട്.

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് കരം ഇളവ്

17 (*287) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് കരം ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ഇളവ് അനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ & ബി) ഉണ്ട്. സർക്കാരിന്റെ 8-10-2012-ലെ 256/2012 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം

LIBRARY ARCHIVES Kerala Legislative Assembly

പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ്, ബയോ കമ്പോസ്റ്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10 ശതമാനം വരെ ഇളവ് അനുവദിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് കാരണം കൂടുതൽ വീട്ടുടമകൾ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താൽപ്പര്യം കാണിക്കും. അതുവഴി മാലിന്യം ഗണ്യമായ തോതിൽ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാൻ സാധിക്കും.

നെൽവയലുകളുടെ വിസ്തൃതി

18 (*288) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ക്രമാനുഗതമായി കുറഞ്ഞു വരുന്നതായി കണക്കുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) പ്രധാന നെല്ലുൽപ്പാദന കേന്ദ്രങ്ങളിൽ കൃഷി ഭൂമി തരിശ്ശിടുന്നതിന്റേയും മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന്റേയും കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) ചെലവേറിയ ജൈവകൃഷിയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ചെലവുമായി താരതമ്യപ്പെടുത്തി കർഷകന് വില ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. കഴിഞ്ഞ 30 വർഷത്തെ കണക്കുപ്രകാരം 1981-82-ൽ 8,06,851 ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നത് 1995-96-ൽ 4,71,150 ഹെക്ടറായും 2005-06-ൽ 2,75,744 ഹെക്ടറായും 2012-13-ൽ 1,97,277 ഹെക്ടറായും കുറഞ്ഞിട്ടുണ്ട്. എന്നാൽ നെൽകൃഷിക്കായി നടപ്പിലാക്കിയ പദ്ധതികളിലൂടെ 2013-14 വർഷം 1,99,611 ഹെക്ടറായും 2014-15 വർഷത്തെ എസ്റ്റിമേറ്റ് പ്രകാരം 2,04,000 ഹെക്ടറായും നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly